LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി

26 [2889] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

ധനകാര്യ ടെക്നിക്കൽ വിഭാഗത്തിൽ പുതിയ തസ്തിക

27 [2890] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ ടെക്നിക്കൽ (ഇൻസ്പെക്ഷൻ) വിഭാഗത്തിൽ പുതുതായി ഏതെങ്കിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ അധികാര പരിധി വിപുലപ്പെടുത്തി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ ടെക്നിക്കൽ (ഇൻസ്പെക്ഷൻ) വിഭാഗത്തിൽ പുതുതായി ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല.

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാര പരിധി വിപുലപ്പെടുത്തിക്കൊണ്ട് പ്രത്യേക ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്സ്) നം. 113/03/ധന. തീയതി 24-2-2003 പ്രകാരം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ധനകാര്യവകുപ്പിൽ നിന്നുള്ള എഫ്.ഒ.-മാരുടെ എണ്ണം

28 [2891] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ നിന്നും എത്ര ഉദ്യോഗസ്ഥർ ഫിനാൻസ് ഓഫീസറായി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്;

(ബി) ഇതുമൂലം ധനകാര്യ വകുപ്പിൽ എത്ര പോസ്റ്റുകൾ ലഭിക്കുന്നുണ്ട്;

(സി) ഫിനാൻസ് ഓഫീസർമാരെ നേരിട്ടു നിയമനം നടത്തുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ നിന്നും 37 ഉദ്യോഗസ്ഥർ ഫിനാൻസ് ഓഫീസർമാരായി വിവിധ വകുപ്പുകളിലെ കേഡർ പോസ്റ്റുകളിൽ സേവനം അനുഷ്ഠിക്കുന്നു.

(ബി) കേഡർ തസ്തിക ആയതിനാൽ ധനകാര്യ വകുപ്പിലെ പോസ്റ്റുകളുടെ എണ്ണം അധികരിക്കുന്നില്ല.

(സി) ഫിനാൻസ് ഓഫീസർമാരെ നേരിട്ടു നിയമിക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറാഫീസിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്ന ജോലി

29 [2892] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, സി. മോയിൻകുട്ടി:

,, ഇസ്ഹാക് കുരിക്കൾ:

,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് ഡയറക്ടറാഫീസിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള ജോലി പൂർത്തിയായോ;

(ബി) എങ്കിൽ ഇതിനായി എന്തു തുക ചെലവ് ചെയ്തു;

(സി) പൂർത്തിയായിട്ടില്ലെങ്കിൽ എന്നത്തേക്ക് ഈ ജോലി പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) സിവിൽ സപ്ലൈസ് ഡയറക്ടറാഫീസിൽ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾക്കായി 3,98,749 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2005-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly